(എ) കണിയാപുരം ഡിപ്പോയിൽ നിന്നും ചിറയിൻകീഴ് വഴി ഏതെല്ലാം സർവ്വീസ് നടത്തുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഈ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന പണയിൽകടവ് സർവീസ് തുടർച്ചയായി റദ്ദു ചെയ്യുന്നതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ സർവ്വീസ് കൃത്യമായി ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1) കണിയാപുരം-മംഗലാപുരം-ശാസ്തവട്ടം-ചിറയിൻകീഴ്-പണയിൽകടവ്.

2) കണിയാപുരം-മംഗലാപുരം-ചെമ്പകമംഗലം-കൈലാത്തുകോണം-കുറക്കട-ചിറയിൻകീഴ്.

(ബി) തുടർച്ചയായി റദ്ദു ചെയ്യുന്നുവെന്ന പരാതി ശരിയല്ല. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് പരമാവധി കൃത്യനിഷ്ഠയോടെ സർവീസ് നടത്തുന്നുണ്ട്.

(സി) കൃത്യമായി ഓപ്പറേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

86 (1127) കോഴിക്കോട് നഗരത്തിൽ ഓട്ടോറിക്ഷകൾക്ക് സി.സി. പെർമിറ്റ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഓട്ടോറിക്ഷകൾക്ക് പുതുതായി സി.സി. പെർമിറ്റ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സി.സി. പെർമിറ്റ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12.12.95 ലെ ജി.ഒ. (പി) 169/95/പി.ഡബ്ല്യൂ.ആന്റ് റ്റി നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് നഗരപരിധിയ്ക്കുള്ളിൽ ആട്ടോറിക്ഷകളുടെ എണ്ണം 4100 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 3439 ആട്ടോറിക്ഷ പെർമിറ്റുകൾ ഇതിനകം നൽകി കഴിഞ്ഞു. ബാക്കിയുള്ള പെർമിറ്റുകൾ നൽകുന്നതിനായി പത്രദ്വാരപരസ്യം നൽകിയിട്ടുണ്ട്.

(ബി) ആട്ടോറിക്ഷ പെർമിറ്റുകൾ നൽകുന്ന കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗം വനിതാ ഡ്രൈവർമാർ, പി.എം.ആർ.വൈ. പിന്നോക്ക വിഭാഗക്കാർ തുടങ്ങിയവർക്കും അതുപോലെ തന്നെ നഗരപരിധിയ്ക്കകത്തുള്ള അപേക്ഷകർക്കും മുൻഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly